# Malayala Manorama

# 20 August 2018

# Looting During Flood

**പ്രളയത്തിന്റെ ദുരിതങ്ങൾ തീരുന്നതേയുള്ളു. ഹൃദയമില്ലാത്ത ചിലർ കൊള്ള തുടങ്ങിക്കഴിഞ്ഞു. അത്തരം രണ്ടു കൊള്ളയുടെ കഥകൾ മൂന്നു പേർ പറയുന്നു. സ്വകാര്യത ഉറപ്പാക്കണമെന്ന അവരുടെ അഭ്യർഥന മാനിച്ചു പേരുകൾ വ്യക്തമാക്കുന്നില്ല...**

## പുര കത്തിയപ്പോൾ വാഴ വെട്ടിയ ചിലർ

### പ്രളയക്കെടുതിക്ക് ഇരയായ ഗൃഹനാഥൻ എഴുതുന്നു:

‘‘എന്റെ ഭാര്യയും കുഞ്ഞുങ്ങളും കോട്ടയത്ത് ഒരു ബന്ധുവീട്ടിലാണ്. വെള്ളം ഉയർന്നുവരുന്നതു കണ്ട് അവരെ അങ്ങോട്ടു മാറ്റിയതാണ്. ശനിയാഴ്ച സന്ധ്യയ്ക്കു ശേഷം ഞാൻ കോതാടുനിന്ന് ഒരു ഓട്ടോറിക്ഷാ ഡ്രൈവറുടെ സുമനസ്സിന്റെ സഹായത്താൽ ഇടപ്പള്ളി വരെ എത്തി. വൈറ്റില ഹബ് ആയിരുന്നു ലക്ഷ്യസ്ഥാനം. അവിടെയടുത്ത് ഒരു ബന്ധുവിന്റെ വീട്ടിൽ അഭയം കിട്ടിയിരുന്നു. ഇടപ്പള്ളിയിൽനിന്നു വൈറ്റിലയിലേക്കു നടക്കുകയായിരുന്നു. അന്നേരം മോട്ടോർ ബൈക്കിൽ എത്തിയ ഒരാൾ എന്നെ ഹബ്ബിൽ കൊണ്ടുവിടാമെന്നു പറഞ്ഞു. അദ്ദേഹം എന്നെ ഹബ്ബിൽ എത്തിച്ചു. യാത്രയ്ക്കിടെ ആശ്വാസവാക്കുകളും പറഞ്ഞു.

‘‘ഹബ്ബിൽ എത്തിയശേഷം ഫോണിൽ വിളിച്ചിട്ടു കാത്തുനിന്നാൽ മതി, കൂട്ടിക്കൊണ്ടുപോകാൻ എത്താമെന്നു ബന്ധു പറഞ്ഞിരുന്നു. ഹബ്ബിൽ എത്തിയ ഞാൻ പോക്കറ്റിൽനിന്നു മൊബൈൽ ഫോൺ എടുത്തപ്പോൾ അതിന്റെ ചാർജ് തീർന്നു പോയിരിക്കുന്നതായി കണ്ടു. ബന്ധുവിനെ വിളിച്ച്, ഞാനിവിടെ എത്തിയെന്നും ഏതു ഭാഗത്താണു നിൽക്കുന്നതെന്നും പറഞ്ഞുകൊടുക്കാൻ നിർവാഹമില്ലാതായി.

ഫോൺ ചെയ്യാൻ മറ്റാരുടെയെങ്കിലും സഹായം തേടാമെന്നുവച്ചാൽ ബന്ധുവിന്റെ ഫോൺ നമ്പർ ഓർമയിൽ ഇല്ലതാനും.

‘‘തൊട്ടടുത്തുള്ള ബുക് സ്റ്റാളിൽച്ചെന്ന് സഹായം തേടി. ഫോൺ ചാർജ് ചെയ്യാൻ അനുവദിക്കണമെന്ന് അഭ്യർഥിച്ചു. ബുക് സ്റ്റാളിൽ അപ്പോഴുണ്ടായിരുന്ന ആൾ എന്നോടു കാശു ചോദിച്ചു. ഒരു മിനിറ്റ് ചാർജ് ചെയ്യാൻ 10 രൂപ.

നിലയില്ലാ പ്രളയത്തിലും മനുഷ്യത്വത്തിന്റെ, പരസഹായത്തിന്റെ കൈത്താങ്ങ് അതുവരെ കിട്ടിയ മനുഷ്യനാണു ഞാൻ. പക്ഷേ ആ നിമിഷം ഞാൻ തകർന്നുപോയി. ഒരു മിനിറ്റ് മൊബൈൽ ഫോൺ ചാർജ് ചെയ്യാൻ 10 രൂപ...!!! മുതലെടുപ്പിന്റെ പുതിയൊരു മുഖം. മറ്റൊരു വഴിയും ഇല്ലാത്തതിനാൽ ഞാൻ 10 രൂപ കൊടുത്തു ഫോൺ ചാർജ് ചെയ്തു. 60 സെക്കൻഡ്. അത്രമാത്രം.’’

### ഒറ്റപ്പെട്ടുപോയൊരു യുവാവ് അടുത്ത വീട്ടിലെ കവർച്ച കണ്ടുനിൽക്കേണ്ടി വന്ന അനുഭവം എഴുതുന്നു:

‘‘തോട്ടയ്ക്കാട്ടുകരയിലാണു ഞാൻ താമസിക്കുന്നത്. വെള്ളം കയറുമ്പോൾ ഞാൻ ജോലിക്കു പോയിരിക്കുകയായിരുന്നു. തിരികെ വന്നപ്പോൾ വെള്ളം കയറുന്ന വീടാണു കണ്ടത്. കുടുംബാംഗങ്ങളെ നാട്ടുകാർ ഒഴിപ്പിച്ചിരുന്നു. സർട്ടിഫിക്കറ്റുകൾ എടുക്കാമെന്നു കരുതി അകത്തുകയറി. പിന്നെ പുറത്തിറങ്ങാനായില്ല. വീട് ഇടവഴിയിൽ ആയതിനാൽ രക്ഷാപ്രവർത്തകരുടെ കണ്ണിലും പെട്ടില്ല. അന്നു രാത്രി സമീപത്തുള്ള വീടിന്റെ വാതിൽ മൂന്നുപേർ ചേർന്ന് ഇരുമ്പുവടി ഉപയോഗിച്ചു തകർക്കുന്നതു കണ്ടു. ഞാൻ ഒച്ചയുണ്ടാക്കി. ആരു കേൾക്കാൻ. അവർക്ക് ആ വീട്ടിൽനിന്ന് എന്തുകിട്ടി എന്നെനിക്ക് അറിയില്ല. പക്ഷേ ആ അനുഭവം ഏറെ വേദനിപ്പിച്ചു. കണ്ണിൽ ചോരയില്ലാത്ത മോഷ്ടാക്കൾ....’’

### ദ്വീപസമൂഹത്തിൽനിന്നൊരു യുവാവ് എഴുതുന്നു

‘‘നഗരത്തിലെ ദുരിതാശ്വാസ ക്യാംപിലാണു ഞങ്ങൾ, കുടുംബം മുഴുവൻ. രാത്രി ഒരുവിധം കഴിച്ചുകൂട്ടിയശേഷം രാവിലെ വീട്ടിലെ സ്ഥിതി അന്വേഷിക്കാനായി ചെന്നു.

അപ്പോഴാണ് അറിയുന്നത്, വെള്ളത്തിൽ മുങ്ങിയ പല വീടുകളും കുത്തിപ്പൊളിച്ചിട്ടിരിക്കുന്നു. അലമാരകളും ഷെൽഫുകളും കുത്തിപ്പൊളിച്ചിട്ടുണ്ട്. പല വീടുകളിലുംനിന്ന് ആഭരണങ്ങൾ നഷ്ടമായതായി അറിഞ്ഞു.

പൊലീസ് സ്റ്റേഷനിൽ പോയി പരാതിപ്പെടാനുള്ള മാനസികാവസ്ഥയിൽ പോലുമല്ല ഞങ്ങളിൽ പലരും. അന്വേഷിച്ചു കണ്ടുപിടിക്കാനുള്ള അവസ്ഥയിലല്ല പൊലീസും എന്നറിയാം. വീട്ടിൽ കാവൽ നിന്നിട്ടും കാര്യമില്ല എന്നാണു നാട്ടുകാർ പറയുന്നത്. കാരണം, ക്രൂരമായ മനോഭാവമുള്ള ചില കൂട്ടരാണു രാത്രി വള്ളത്തിലും വഞ്ചിയിലും വന്നു കവർച്ച നടത്തുന്നതെന്നു സൂചന കിട്ടി. എന്തിനും മടിക്കാത്തവർ....’’